# വരദ

## DIGITAL MAGAZINE 2023




# HSS OF JESUS KOTHAD

# LITTLE KITE 2022-2025 BATCH



# HSS OF JESUS KOTHAD

**Table of Contents**

.......................................................................2
LITTLE KITE 2022-2025 BATCH..........................2
ആ മഴയിൽ..........................................................8
പുതിയൊരു പൃഥ്വി..............................................9
വിദൂരതയിൽ നിന്നൊരു തേൻ തുള്ളി..........................13
DESERT..........................................................15
ജീവിതലഹരി....................................................17
Maths Riddles................................................19
വേർപാടിന്റെ ദുഃഖം...........................................20
.......................................................................22
मेरी यादें...........................................................22
इंटरनेट : एक संचार क्रांति.......................................23
കൊറോണക്കാലത്തിന്റെ ഓർമ്മകൾ..........................24
കലോത്സവ കാഴ്ചകൾ...........................................27
കുറും കവിതകൾ................................................37
പൂക്കാമരത്തിന്റെ പുരാവൃത്തങ്ങൾ..............................38

JUDGEMENT.................................................41
പ്രകൃതി സംരക്ഷണം-പ്രസംഗം................................43
വായനക്കുറിപ്പ് *.................................................48
ഋലികാ നാമങ്ങൾ.................................................52
പഴം ചൊല്ലിൽ പതിരില്ല..........................................53
ശക്തമാക്കാം കുടുംബബന്ധങ്ങൾ................................60
അമ്മ.................................................................66
The ant and the dove...........................................67
എന്റെ മലയാളം....................................................68
Shasthrolsavam winners.......................................70

സർഗ്ഗാത്മക രചനകൾ എന്നും സമൂഹത്തിൽ
മാറ്റങ്ങൾ ഉണ്ടാക്കുന്നു. ഓരോ മനസ്സിലും
ഉരുത്തിരിയുന്ന ആശയങ്ങൾ സൃഷ്ടികളായി
മാറുന്നു . ലിറ്റിൽ കൈറ്റ്സ് എന്ന
ഐടി ക്ലബ്ബിൻറെ നേതൃത്വത്തിൽ ഒരുക്കുന്ന
ഈ ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ
മനസ്സിലെ ആശയങ്ങൾ കഥയായും കവിതയായും
ചിത്രങ്ങളായും എല്ലാവരിലേക്കും എത്തിക്കുകയാണ് .
ഇതിൻറെ പിന്നിൽ പ്രവർത്തിച്ച
എല്ലാവർക്കും അഭിനന്ദനങ്ങൾ





**KOCHUTHRESIA T j**
**HEADMISTRESS**

# EDITORIAL BOARD



**Emmanuel C S**



**Ashirwad Arun**



**Jeny mary**



**Eadhna Rose**

**Ann Maria Philomina**



# ആ മഴയിൽ....

ഏകാന്തതയുടെ തണലിൽ
രാവിന്റെ മടിയിൽ
മാരുതൻ വീശിടും നേരത്തും
ആരെയോ കാത്ത്
മഴയും നോക്കി ഞാൻ നിന്നിടുന്നു
എന്റെ കുഞ്ഞു മനസ്സിൽ അന്ന് നൊമ്പരമേകിയ
മഴയെ ഞാനിന്ന് ഓർത്തിടുന്നു
ഓരോ മഴത്തുള്ളിയും എൻ
ഹൃദയത്തിൻ അടിത്തട്ടിൽ വിങ്ങലായിടുന്നു
മഴയെന്നും എൻ മനസ്സിൽ ഒരു
മായാത്ത ഓർമയായ് തീരുന്നു
വിധിയെനെ തനിച്ചാക്കിയതൊരു തോരാ മഴതൻ
നിശയിലായിരുന്നു
സന്ധ്യ മയങ്ങിടും നേരത്ത്
ഇനിയും വരാത്തൊരാൾക്കായ് ഞാൻ കാത്തു നിന്നു .....
മഴ എന്നുമെൻ മനസ്സിൽ ഒരു മായാത്ത ഓർമയേകിടുന്നു.......



**–Samanya Maria**

**9 B**

# പുതിയൊരു പൃഥ്വി

ന്യൂറ്റാണ്ടുകൾക്ക് ശേഷം അവളുടെ പാദം ഭൂമിയിൽ സ്പർശിച്ചു. അവൾ കാട്ടിലൂടെ നടന്നു. എവിടെന്നോ ഒരു ശബ്ദം അവളുടെ ചെവിയിൽ മുഴങ്ങി. പക്ഷികൾ ഭീതിയോടെ, തേങ്ങലോടെ ആകാശത്തിന്റെ വിദൂരതയിലേക്ക് പറക്കുന്നു. കാരണമെന്തെന്നറിയാൻ അവൾ അവിടേക്ക് ചെന്നു. ആ കാഴ്ച അവളുടെ മനസ്സിലേക്ക് ആഴത്തിൽ ഇറങ്ങി. ആ വേദന കണ്ണുകളെ നിറച്ചു, ചാലുപോലെ അത് ഒഴുകി.

മരങ്ങളെല്ലാം മുറിച്ചിട്ടിരിക്കുന്നു.
പക്ഷികൾ മരങ്ങളുടെ അടിയിൽ
ചതഞ്ഞരഞ്ഞിരിക്കുന്നു. മൃഗങ്ങൾ തീയിൽ
വെന്തമരുന്നു.
"ഇതിനെല്ലാത്തിനും കാരണം ആര്? മനുഷ്യൻ "
അവൾ അലറി

കാട് വിട്ട് പട്ടണത്തിലേക്ക് അവൾ നടന്നു. അവിടെ കണ്ട കാഴ്ചകൾ അവളെ കൂടുതൽ ദു:ഖിതയാക്കി. ആ ദു:ഖം ഒരു തീയായി.

വണ്ടികളിൽ നിന്നും ഫാക്ടറികളിൽ നിന്നും വരുന്ന കറുത്ത പുക അന്തരീക്ഷത്തിലേക്ക് പരക്കുന്നു. പാടങ്ങൾ വരേണ്ട സ്ഥലത്ത് കെട്ടിടങ്ങൾ വന്നിരിക്കുന്നു. തെരുവ് പട്ടികൾ വണ്ടിയുടെ ഇടയിൽ പെട്ട് മരിക്കുന്നു. മാലിന്യങ്ങൾ കുന്നുകൂട്ടിയിട്ടിരിക്കുന്നു.

പട്ടണം വിട്ട് അവൾ കടലിലേക്ക് ഇറങ്ങി. കടൽ പോലും മലിനമായിരിക്കുന്നു. മീനുകൾ പ്ലാസ്റ്റിക്ക് തിന്ന് മരിക്കുന്നു. തിരിച്ച് കാട്ടിലേക്ക് അവൾ നടന്നു. മലമുകളിൽ നിന്ന് കരഞ്ഞ്കൊണ്ട് താഴേക്ക് നോക്കി പറഞ്ഞു "ഞാൻ മരങ്ങളെയും മലകളെയും സൃഷ്ടിച്ചു.അതിനെയെല്ലാം നന്നായി നോക്കി. വിശ്രമിക്കാനായി ഒരു വൃക്ഷത്തിൽ പ്രവേശിച്ചു. അതിനു മുൻപ് ഞാൻ മനുഷ്യനെ

സൃഷ്ടിച്ചു. ലോകത്തെ നോക്കാൻ മനുഷ്യനെ ഏൽപ്പിച്ചു. എന്നാൽ മനുഷ്യൻ അവയെ നശിപ്പിക്കുന്നു".

ആകാശത്തിലേക്ക് നോക്കി അലറികൊണ്ട് അവൾ പറഞ്ഞു "പ്രകൃതി ദേവതയായ ഞാൻ മനുഷ്യനെ സൃഷ്ടിച്ചു.ഞാൻ നിങ്ങളുടെ അമ്മയാണ്. അതുപോലെ സകല ജീവജാലങ്ങളുടെയും. മനുഷ്യൻ മറ്റുള്ളവയെല്ലാം നശിപ്പിക്കുന്നു. ഇത് കണ്ടുകൊണ്ട് നിൽക്കാൻ എനിക്കാവില്ല. നിങ്ങൾ നശിക്കേണ്ട സമയമായിരിക്കുന്നു.

അവളുടെ കണ്ണുകൾ ചുവന്നു. മനസ്സിൽ മനുഷ്യരോടുള്ള പക ആളികത്തി. ഇത് ഭൂമിയിലേക്ക് മൃഗങ്ങളിലേക്കും പരന്നു. ഭൂമിയിൽ മുഴുവൻ മനുഷ്യരോടുള്ള പകയായി.

ചില സ്ഥലങ്ങളിൽ കാർമേഘം മഴ നൽകാതെയായി വൃക്ഷങ്ങളിൽ ഫലങ്ങളും തണലും നൽകാതെയായി. ചില ഇടങ്ങളിൽ മഴ അമിതമായ്

പെയ്തു. അവിടെ വെള്ളപ്പൊക്കവും മണ്ണിടിച്ചിലുമുണ്ടായി, കൊടുംകാറ്റും കടൽച്ചുഴികളും രൂപം കൊണ്ടു. സുനാമിയും ഭൂകമ്പവുമുണ്ടായി. ദിവസങ്ങൾക്കുള്ളിൽ സകല ജീവജാലങ്ങളും മരിച്ചു വീണു. പ്രകൃതി ദേവതയുടെ കോപമടങ്ങി. അവൾ മരിച്ച മനുഷ്യരുടെയും മൃഗങ്ങളുടെയും ഇടയിലൂടെ നടന്നു. മൃഗങ്ങൾക്കും പക്ഷികൾക്കുമെല്ലാം ജീവൻ കൊടുത്തു. പുതു വൃക്ഷങ്ങളെ സൃഷ്ടിച്ചു. മനുഷ്യരെ ഭൂമിയിൽ നിന്ന് തുടച്ചുനീക്കി. പുതിയൊരു പൃഥ്വി രൂപം കൊണ്ടു. അതിന് കാവലായി ഒരേഒരാൾ പ്രകൃതിദേവത. ഭൂമിക്ക് പഴയപച്ചപ്പ് തിരിച്ചുകിട്ടി. മലിനമല്ലാത്ത കടലും കാടുമുണ്ടായി. അവിടെ മൃഗങ്ങളും പക്ഷികളും, മത്സ്യങ്ങളും സമാധാനത്തോടെ ജീവിക്കുന്നു.



– Serene Maria
10B

# വിദൂരതയിൽ നിന്നൊരു തേൻ തുള്ളി

-------------------------------------------

പൊടുന്നനെ ആകാശത്തിൻ ഗർഭപാത്രത്തിൽ നിന്നൊരു
ഈറൻ തേൻതുള്ളി
എൻ കണ്ണിൽ പതിച്ചപ്പോൾ
കുളിർന്നു നിന്ന ഞാൻ എന്നെയും മറന്ന്
ആ അതിരില്ലാ വിദൂരതയിലേക്കൊന്നു നോക്കി

മധുരമാം തേൻതുള്ളി
ഒന്നായി രണ്ടായി
മരത്തിൻ ശിഖരത്തി-
ലൊന്നു പതിച്ച
കുളിർന്നു ധരിത്രി തൻ
മണ്ണും മനസ്സും
അവൾ മൂകയായൊ-
ന്നു നിന്നു പോയി

ആ മഴയവൾ നീരായി

പുഴയായി കടലായി

ചേർന്നു നിന്നവാ ധരിത്രി-

യോടൊപ്പം

ഞാനും ധരിത്രിയും

സർവ്വസൃഷ്ടികളും

അവളെ നോക്കി ലയിച്ചു- നിന്നു

ഒരു മഴയായ് പേയ്തു-

വൾ തുള്ളിയായി

അവൾ വന്നിടുത്തേ-

ക്കു തിരിച്ചു പോയി

ആ ജാലവിദ്യയുമായ-

വൾ വരുമെന്ന പ്രതീ

ക്ഷയിൽ ഞങ്ങൾ

വിദൂരതയിലേക്കു

കണ്ണുറ്റു നോക്കി



Aparna Joseph 8b

# DESERT

Egyptian desert full of sand grain.
Where a Brazilian tried to make a train.
So he cleared the thorns and bushes .
After the tiring work made apple mashes.
Smashing rocks n laying tracks tired all day.
People who saw him didn't know what to say .
He collected water from the oasis .
From where all species drank water.
The man was tired by the scorching heat and storm .
After the train was made he could roam the desert realm.

PRINCE C A
STD 10










**By**
**POOJA PRAVEESH**
**10B**



# ജീവിതലഹരി

നരയും ലഹരി ഹാ നല്ല ജീവിതം!
മനമേ മതിമറന്നാടുക നീയെൻ കൂടെ
വരിക സോദരാ നീയെന്റെ കൂടെ
ആർത്തു രസിക്കാം ഉല്ലസിച്ചീടാം

വീടുണ്ട് കാശുണ്ട് കൂട്ടാരുമൊക്കെയു
ണ്ടെങ്കിലു
മെന്നമ്മ കണ്ണീർ തുടയ്ക്കുന്നു
എന്തിനമ്മേയെന്ന് ഞാനൊന്ന് ചോദിച്ചു
തേങ്ങൽ മാത്രമെന്നമ്മ തൻ വദനത്തിൽ

ലഹരിതൻ ജീവിതമെന്നിൽ പതയുമ്പോൾ
പതിയിരിക്കുന്നൊരു അപകടം മുന്നിൽ
ഒട്ടും വൈകാതെ ഞാനാ ദുഃഖഭാരം
കൺ ചിമ്മി തുറയുമ്പോൾ എൻ മുന്നിൽ വന്നു.

അമ്മേ ക്ഷമിക്കുക ദേവി ക്ഷമിക്കുക
ലഹരിയാം ജീവിതം ഞാൻ വെടിയുന്നു
നരയും ലഹരി പതയും ലഹരി
വെടിയാം ലഹരിയാം മഹാവിപത്തിനെ...

ലോകമേ അണയൂ സ്നേഹമായ് അണയൂ
എൻ മുന്നിലേക്ക് നീ മോദമായ് അണയൂ
ജീവിതമെന്ന സുന്ദര ലഹരിയിൽ
അമ്മതൻ കണ്ണീർ തുടക്കുവാനായി

എൻ ജീവിതം എത്ര ധന്യമായി
എൻ മാനസം എത്ര ശാന്തമായി
വെടിയുക വെടിയുക ലഹരിയെ വെടിയുക
ആസ്വദിക്കാമീ കുഞ്ഞു ലോകം.

JITHY FRANKLINE
( TEACHER)



## Maths Riddles


1. How many eggs can you put in an empty basket ?

2. How many 9s are there between 1and 100 ?

3. I am an odd number , take away an alphabet and I become even . What number am I ?

**Answers**

1. Only one egg because after that the basket doesn't empty
2. Twenty 9s
3. 7 (seven ; s = even)



## വേർപാടിന്റെ ദുഃഖം

പച്ചപ്പുല്ലിൽ പട്ടുവിതറി
നിൽക്കുന്ന എൻ ഗ്രാമം
പോകല്ലേ എന്നിൽനിന്ന് നീ
പുലർച്ചയിൽ കിളിപ്പാട്ടു
നാദം കേൾക്കുന്ന
പോകലെ എന്നിൽ നിന്നു നീ
എൻ ഗ്രാമത്തിൽ
കാറ്റുവീശി പൂക്കളുടെ
വാസനനൽകി എൻ
ഗ്രാമമേ നീ എനിക്ക് സ്വന്തം
പോകല്ലേ എന്നിൽ നിന്ന് നീ
ഉച്ചയ്ക്ക് സൂര്യൻ കത്തിയിട്ടേ എന്നെ
ഉരുകുമ്പോഴും എന്നെ
ആശ്വസിപ്പിക്കും കള്ളനാകും കാറ്റ്
പോകലെ എന്നിൽ നിന്ന് നീ
വൈകീട്ട് ആറുമണിയായി എന്ന്
കിളികൾ കൂട്ടിലേക്ക്

കയറി എന്ന് അറിയിക്കും


പോകല്ലേ എന്നിൽ നിന്ന് എൻ ഗ്രാമമേ

വെട്ടല്ലേ എൻ ഗ്രാമത്തിലെ

മരങ്ങളെ വെട്ടി നശിപ്പിക്കരുതേ എൻ ഗ്രാമം

എന്നെ വേർപെടുത്തരുതേ

എൻ  ഗ്രാമത്തിൽ നിന്ന്



എബിൻ ജെ ഫ്രാൻസിസ്

8A

# मेरी यादें

यादें ! यादें! यादें  !

जब सोचने लगती हूँ
किसी के बारें में,
तो याद आती है ,
बीते हुए दिन की /

कितनी प्यारी होती है यादें,
कितनी सच्ची होती है यादें,
बातें तो सब भूल जाते हैं ,
पर यादें हमेशा दिल में बस जाती है /
यादें ! यादें ! यादे !

मरीया - XC

# इंटरनेट :एक संचार क्रांति

आज कल विज्ञान के क्षेत्र में हर रोज उत्रति होती ही जा रही है । रोज नई नई चीजों का अविष्कार किया जा रहा है , जो मानव जीवन को और भी सुखदायक तथा आरामदायक बना देती है। ऐसी ही एक महत्वपूर्ण खोज का नाम है अंतरजाल अर्थात इंटरनेट ।

आज से बीस साल पहले लोगों के लिए दुनिया के एक प्रांत तक खबर भेजना, वार्तालाप करना आदि करीब असभंव था। लोगों केलिए यह दुनिया बहुत बडी थी। परनु आज इंटरनेट की वजह से मनुष्य केलिए दुनिया बहुत छोटी हो गई और उनकी मुट्ठी में आ गई है |

इंटरनेट ने संचार जगत में  एक नई क्रांति ले आयी है । ई-मेल ' के दवारा संपर्क करना आसान हो गया है । vioce chat के दवारा हम दुनिया के किसी भी आदमी से बात कर सकते हैं । यहाँ

तक की 'webcam ' के जरिये, हम हजारों मील दूर बैठे लोगों को देख भी सकते है ।

Emmanuel C S - 9B

# കൊറോണക്കാലത്തിന്റെ ഓർമ്മകൾ

ലോകം മാറിക്കൊണ്ടിരിക്കുകയാണ് കൊറോണ എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ നമുക്ക് കാണാം.
സാമൂഹിക അകലം പാലിച്ച് രോഗത്തെ പടിക്ക് പുറത്തിറങ്ങേണ്ട സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂട്ടിയിട്ടത് നാം കണ്ടതാണല്ലോ.
വിദ്യാഭ്യാസം ഒരു വ്യക്തിയുടെ പരിപൂർണ്ണമായ വളർച്ചയ്ക്ക് ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്. ഓൺലൈൻ വഴി ആയി നാം നടത്തിക്കൊണ്ടിരിക്കുന്ന ഇ- ലേണിങ് രീതിക്ക് പല ഗുണങ്ങളും ദോഷങ്ങളും ഉണ്ട് .
ഗുണങ്ങളിൽ ഒന്നാമത്, വിദ്യാഭ്യാസ സംവിധാനത്തിന്റെ പുതുമയും വൈവിധ്യവുമാണ്.
ഇന്നത്തെ സാഹചര്യത്തിൽ പക്ഷേ അതെല്ലാം പുതുമയുടെ ആരംഭ ശൂരത്വം മാത്രമായി അവശേഷിക്കുന്നു. ആദ്യകാലത്തെ ആവേശവും താല്പര്യവും ഇപ്പോഴില്ല എന്നർത്ഥം. ഓൺലൈൻ

വിദ്യാഭ്യാസരീതിയുടെ മറ്റൊരു ആകർഷണം വിദൂര വിദ്യാലയങ്ങളിലെ വിവിധ കോഴ്സുകൾ പഠിക്കാനുള്ള അവസരം ലഭിക്കുന്നു എന്നതാണ്.

മറ്റൊരു ഗുണവിശേഷം ഏതുസമയത്തും കുട്ടിക്ക് മാതാപിതാക്കളോടൊപ്പം ഓൺലൈൻ ക്ലാസ് കാണാമെന്നുള്ളതാണ്. വ്യത്യസ്തമായ ആനിമേഷൻ വീഡിയോകൾ കൊച്ചു കുട്ടികളിൽ പ്രത്യേക താൽപര്യം ഉണർത്തുന്നത് കാണാം. ഓൺലൈൻ ക്ലാസ്സ് വഴി പരീക്ഷ നടത്തിപ്പ് ഒരു വലിയ പ്രശ്നം ആകുന്നുണ്ട് പരീക്ഷയുടെ സത്യസന്ധത ചോദ്യം ചെയ്യപ്പെടുന്ന വിഷയമാണ്.ഒറ്റവാക്കിൽ എഴുതുന്ന ചോദ്യങ്ങളിൽ പ്രത്യേകിച്ചും.

ഓൺലൈൻ ക്ലാസുകൾ ഒരിക്കലും അധ്യാപകർക്ക് പകരമാവില്ല. കുട്ടിയുടെ സമഗ്രമായ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നതെങ്കിൽ ഓൺലൈൻ ക്ലാസുകൾ വിദ്യാഭ്യാസ രംഗത്ത് ഒരു ഉപശാന്തി എന്നേ പറയാനാവൂ എല്ലാം കടന്നു പോകുമെന്ന് ആശ്വസിപ്പിക്കുന്ന വാക്കുകൾ പോലെ ഈ കനത്ത

കാലവും കടന്നു പോകും എന്ന് വിശ്വസിക്കാം. ഓൺലൈൻ ക്ലാസുകൾ വിദ്യാഭ്യാസ രംഗത്ത് ഒരു ചലനം സൃഷ്ടിക്കുന്നു. സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതിനാൽ ഇപ്പോൾ ഇങ്ങനെയൊരു സാഹചര്യം ഉണ്ടാകുന്നില്ല . എന്നാൽ .ഇനിയും കൊറോണ കാലങ്ങൾ വന്നു കഴിഞ്ഞാൽ സ്കൂളുകൾ അടച്ചിട്ട് ഇത്തരത്തിലുള്ള ഒരു സന്ദർഭം ഉണ്ടാകാതിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു എല്ലാവർക്കും പ്രത്യാശയുടെ പൊൻപുലരികൾ നേരുന്നു.

-Eleena Celine

10 B

# കലോത്സവ കാഴ്ചകൾ

എറണാകുളം ഉപജില്ലാ കലോത്സവം കോതാട് ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന ഞങ്ങളുടെ വിദ്യാലയത്തിലായിരുന്നു. തീർത്തും ഗ്രാമീണ പശ്ചാത്തലമുള്ള ഈ ഗ്രാമത്തിലേക്ക് ഇത്ര വലിയ ഒരു ഉത്സവം വരുന്നു എന്നുള്ളത് തികച്ചും ആശങ്കയോടെയാണ് എല്ലാവരും നോക്കി കണ്ടത് .എങ്കിലും വളരെ മുൻകൂട്ടി തന്നെ അതിനുള്ള ഒരുക്കങ്ങൾ തുടങ്ങി. ജനപ്രതിനിധികളും, ചെറുതും വലുതുമായ എല്ലാ സ്ഥാപനങ്ങളും, പിടിഎ പ്രതിനിധികളും, ടീച്ചേഴ്സും, കുട്ടികളും, ഉത്സവം





പതാക ഉയർത്തൽ ഭംഗിയാക്കാൻ വേണ്ടി മുന്നിട്ടിറങ്ങി. വളരെ പെട്ടെന്ന് തന്നെ എല്ലാ വിഭാഗങ്ങൾക്കുമുള്ള കമ്മിറ്റിയിലേക്ക് വേണ്ടിയുള്ള പ്രതിനിധികളെ അധ്യാപകർ, പഞ്ചായത്ത് അംഗങ്ങൾ എന്നിവരുടെ ഇടയിൽനിന്നും കണ്ടെത്തി ചുമതലകൾ വിഭജിച്ചു കൊടുത്തു. സ്കൂളിന്റെ ഭാഗത്തുനിന്നും ട്രോഫി കമ്മിറ്റിയുടെ ചുമതലയാണ് ഏറ്റെടുത്തത്. അതിൻെറ ജനറൽ കൺവീനറായി ജിജി വി ജി ടീച്ചറിനെ തിരഞ്ഞെടുത്തു.

മതിയായ ഗതാഗതസൗകര്യങ്ങൾ ഇല്ലാതിരുന്ന ഒരു നാടായിരുന്നു ഇത്. അതുകൊണ്ടുതന്നെ വിദ്യാലയ പരിസരത്തിലൂടെയുള്ള റോഡുകൾ വലിയ വാഹനങ്ങളെ ഉൾക്കൊള്ളുന്നതിന് തീർത്തും അപര്യാപ്തമായിരുന്നു. ഉത്സവത്തോടനുബന്ധിച്ച് ധാരാളം വിദ്യാർത്ഥികളും, അധ്യാപകരും, രക്ഷിതാക്കളും എത്തിച്ചേരും എന്നതുകൊണ്ട് തന്നെ ഗതാഗത നിയന്ത്രണം ഒരു വെല്ലുവിളിയായിരുന്നു. അതുകൊണ്ട് പ്രാദേശികമായ സൗകര്യങ്ങൾ അറിയുന്നവർ തന്നെ ഗതാഗത നിയന്ത്രണം നടത്തേണ്ടതായി വരും. അതിനുവേണ്ടി ക്രമീകരണങ്ങൾ

ഒരുക്കുവാൻ ഹയർ സെക്കൻഡറി അധ്യാപകനായ റാൽഫ് സാറിനെയും ഹൈസ്കൂൾ അധ്യാപകനായ പ്രതാപൻ സാറിനെയും ചുമതലപ്പെടുത്തി. ഇവരോടൊപ്പം പിടിഎ പ്രതിനിധികളും ആ ചുമതല നിർവഹിക്കുവാൻ സന്നദ്ധരായി. കലോത്സവവേദികളായി വിദ്യാലയത്തിലെ ഓഡിറ്റോറിയം, കോതാട് തിരുഹൃദയ ദേവാലയ പാരിഷ് ഹാൾ, മിനി പാരിഷ് ഹാൾ,

കെ കെ പി സഭ ഹാൾ, വൈഎംഎ ഹാൾ എന്നിവ സൗജന്യമായി തന്നെ നൽക



**INAUGURATION**

**OPEN STAGE**



യുവജനോത്സവത്തിനായി എത്തിച്ചേരുന്ന വിദ്യാർത്ഥികൾക്കും അവരെ അനുധാവനം ചെയ്യുന്ന

അധ്യാപകർക്കും ഉള്ള ഭക്ഷണം കെ കെ പി സഭ ഹാളിൽ വച്ച് നൽകുന്നതിന് തീരുമാനിച്ച എത്തിച്ചേർന്നവർക്ക് ഭക്ഷണം നൽകുക എന്ന ശ്രമകരമായ ദൗത്യം കുടുംബശ്രീയുടെ സഹകരണത്തിൽ നടത്തുവാനും നിശ്ചയിച്ചു. ഇതിനു മുന്നോടിയായുള്ള കലവറ നിറയ്ക്കൽ നവംബർ 10, 11 തീയതികളിലായി നടന്നു. വിദ്യാർഥികളും ഗ്രാമവാസികളും സദ്യയ്ക്ക് വേണ്ട വിവിധതരം സാമഗ്രികൾ സ്കൂളുകളിൽ കൊണ്ടുവന്നു നൽകി.

നവംബർ പതിനാലാം തീയതി രാവിലെ കലോത്സവത്തിന്റെ പതാക ഉയർത്തൽ ചടങ്ങ് നടന്നു. ബഹുമാനപ്പെട്ട എറണാകുളം AEO , സ്കൂൾ മാനേജർ റവ.ഫാ.റോണി മനക്കൽ, ഹെഡ്മിസ്ട്രസ് ശ്രീമതി കൊച്ചുത്രേസ്യാ ടീച്ചർ, പ്രിൻസിപ്പൽ ശ്രീമതി ഷെറിൻ ടീച്ചർ എന്നിവരുടെ നേതൃത്വത്തിൽ നടന്നു. ഏറ്റവും ആദ്യം ബാൻഡ് വാദ്യ മത്സരം ആയിരുന്നു. ബാൻഡിൽ പങ്കെടുത്ത രണ്ട് വിദ്യാലയങ്ങളുടെയും പ്രകടനം വളരെ മികച്ചതായിരുന്നു. ബാൻഡിലെ വിവിധ ഉപകരണങ്ങളുടെ താളക്രമം അനുസരിച്ച് വരിയും നിരയും വിവിധ

പാറ്റേണുകളിൽ ക്രമീകരിച്ച് വിദ്യാർത്ഥിനികൾ മത്സരം ഗംഭീരമാക്കി.




PRIZE ROOM

നവംബർ 15,16,17 തീയതികളിൽ ആയിരുന്നു മറ്റു മത്സരങ്ങൾ നടത്തിയത് വിദ്യാലയത്തിലെ ആഡിറ്റോറിയം കൂടാതെ മുറ്റത്ത് കെട്ടിയ താൽക്കാലിക പന്തൽ, ക്ലാസ് റൂമുകൾ എന്നിവയും മത്സരവേദികളായി. രചനാ മത്സരങ്ങൾ, പദ്യം ചൊല്ലൽ, ചിത്രരചന, ലളിതഗാനം എന്നിവയ്ക്ക് ക്ലാസ് മുറികൾ വേദികളായി. ഹൈസ്കൂൾ JRC വിദ്യാർഥികൾ, Little Kite യൂണിറ്റ് അംഗങ്ങൾ ഹയർ സെക്കൻഡറി NSS യൂണിറ്റ് അംഗങ്ങൾ കൂടാതെ തെരഞ്ഞെടുക്കപ്പെട്ട മറ്റ് വിദ്യാർത്ഥികൾ എന്നിവരുടെ ഒരു വിപുലമായ നിര

തന്നെ വോളണ്ടിയേഴ്സ് ആയി രാപകൽ
വിദ്യാലയത്തിൽ ഉണ്ടായിരുന്നു.
വിവിധ വേദികളിലായി നടന്ന മത്സരങ്ങളുടെ ആദ്യ
അവസാനം ഡോക്യുമെന്റേഷൻ നടത്തിയത്
സമീപപ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ നിന്നും
വന്ന Little kite യൂണിറ്റിലെ അംഗങ്ങളായിരുന്നു
.പ്രധാന വേദിയായ സ്കൂൾ ഓഡിറ്റോറിയത്തിലെ
ഡോക്യുമെന്റേഷൻ ആണ് ഞങ്ങളുടെ വിദ്യാലയം
നിർവഹിച്ചത്. ഞങ്ങളുടെ വിദ്യാലയത്തിൽ നിന്നും
ഏകദേശം 90 ഓളം കുട്ടികൾ വിവിധ ഇനങ്ങളിൽ
പങ്കെടുത്തു മികച്ച വിജയം കരസ്ഥമാക്കി. സബ്
ജില്ലാ മത്സരവിജയികൾ റവന്യൂ ജില്ലയിലേക്ക്
തിരഞ്ഞെടുക്കപ്പെട്ടു.



**DOCUMENTATION TEAM MEMBERS**
**REON , ASHFORD, FYAGI MICHAEL, JESNA**

ദീപാലങ്കാരങ്ങളും, ആളുകളും, വാഹനങ്ങളും എല്ലാം കൊണ്ട് ശബ്ദമുഖരുതമായ ഒരു ആഘോഷം തന്നെയായിരുന്നു കലോത്സവം. വിവിധങ്ങളായ നൃത്ത നൃത്യേതര മത്സര ഇനങ്ങൾ നേരിൽ കാണുവാൻ സാധിച്ച ഒരു അസുലഭ മുഹൂർത്തം

ആയിരുന്നു കലോത്സവ നാളുകൾ. നവംബർ 17 ന് രാത്രി നടന്ന സമാപന സമ്മേളനത്തിൽ വച്ച് വിജയികൾക്കുള്ള ട്രോഫി നൽകി. വിവിധ കലോത്സവ മേഖലകളിലായി സഹകരിച്ച വ്യക്തികളെയും, സംഘടനകളെയും ആദരിക്കുകയും ചെയ്തു. കോതാട് ഗ്രാമത്തിലെ രാപ്പകലുകളെ ശബ്ദമുഖരിതമാക്കിയ ഈ ഉത്സവം ഒരു വിജയം തന്നെയായിരുന്നു.

-Monicca Jesna Luvera

10A



**PROGRAMMES**







# SUB DISTRICT KALOLSAVAM

## കുറും കവിതകൾ

### പുഴ

നാടൻപാട്ടുകൾ പാടുന്നു, പുഴ
നാടിനു കുളിരേകീടുന്നു
ആയിരമോളകയ്യുകളാൽ
കരയെത്തഴുകിയുറക്കുന്നു!

### പക്ഷി

വെള്ളാരംകുന്നിലെ വെള്ളിലക്കാട്ടില്
വെള്ളച്ചിറകുള്ള പക്ഷിയുണ്ട്
ഈറൻ സന്ധ്യയിലീശനെ വാഴ്ത്തി
ഈണത്തിൽപ്പാടുന്ന പക്ഷിയുണ്ട് .

### സേവനം

കളിയും ചിരിയും വേണം, പക്ഷേ
കടമ മറക്കാതുണരേണം

**ചെറിയൊരു ജീവിതകാലം, നമ്മൾ**

**സേവനമപരന്ന ചെയ്യേണം.**

Pooja Praveesh 10 B



# പൂക്കാമരത്തിന്റെ പുരാവൃത്തങ്ങൾ

ഭൂമിക്ക് മേലെ
അവകാശം പോലെ
വേരാഴ്ത്തി നിൽക്കുന്നു
ചില പൂക്കാമരങ്ങൾ.

ഇളക്കൊഴപ്പിലിളകിയാടി,
പൂക്കളില്ലാതെ,
കനിമധുരമില്ലാതെ,
ചില പാഴ്മരങ്ങൾ.

ഓരോ വർഷവും
വഴി മാറിപ്പോകുന്ന
മഴമൂനയുടെ
കനിവാൽ മാത്രം
വേരാഴ്ത്തി നിൽക്കുന്ന
പൂക്കാമരങ്ങൾ.

പൂക്കാമരങ്ങൾക്കുണ്ട്

ചില പുരാവൃത്തങ്ങൾ.
വെറൂട്ടുന്നതെല്ലാം
ഇല കുടിച്ചുവറ്റിച്ച്
പച്ചകൊഴുപ്പിലാറാടി
പൂക്കുവാൻ മടിച്ച കാലം.


എല്ലാം വലിച്ചൂറ്റുന്ന,
ആർത്തി തീരാത്ത
വേരുകളെപ്പോലെ,
കനികളായൊന്നും
പൊഴിയാതെ ചിലർ.

വർഷമോരോന്നു
കഴിയുമ്പോഴും
ചുവട്ടിലൊരു
കോടാലിക്കൊത്തു പോലും
പതിയാതിരിക്കുമ്പോഴും
പലരുമറിയുന്നില്ല
പരമകാരുണ്യമാണിപ്പോഴും
പരിപാലിക്കുന്നതെന്നു.

പൂക്കാമരങ്ങളോട്:

ഓരോ കനിയും

മറ്റുള്ളവർക്കുള്ള കനിവായിത്തീരുമെന്നോർക്കുക.



GODLIN
STD 5

# JUDGEMENT

A father and son were travelling by train.Boy was 25 years old. The boy was really excited and was looking out of window.

Suddenly he shouted, ‘’Dad look trees are going behind..”
His dad smiled. There was a young couple sitting near by them. When they saw the childish behaviour of boy they felt weird with pity for boy.

Suddenly boy again exclaimed, ‘’Dad look outside, Clouds are running with us.”

Now seeing this again the couple couldn’t resist and said to old man, ‘’Why don’t you take your son to Doctor?”

Old man understood and just smiled and said, ‘’ I did, We are just coming back from hospital. My son was blind from birth and there at hospital he had operation. He just got his Eyes and now we are going back to home.

**Moral:** ‘’Don’t judge people before truly knowing them Because everyone has a story and Sometimes Truth might Surprise you.’

Ann Maria James
9 B



## പ്രകൃതി സംരക്ഷണം-പ്രസംഗം

മാന്യ സദസ്സിന് വന്ദനം,

ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ് പ്രകൃതി സംരക്ഷണം. പ്രകൃതി നമുക്ക് കിട്ടിയ വരദാനങ്ങളിൽ ഒന്നാണ്. എല്ലാ ജീവജാലങ്ങളുടേയും ആവാസവ്യവസ്ഥ നിലകൊള്ളുന്നത് പ്രകൃതിയെ ആശ്രയിച്ചാണ്. പക്ഷേ നാം പ്രകൃതിയെ പലവിധത്തിൽ ചൂഷണം ചെയ്തു കൊണ്ടിരിക്കുകയാണ്. അതിൻ്റെ ദുരന്തങ്ങളാണ് ഇന്ന് ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

ജീവൻ്റെ നിലനിൽപ്പിന് ആവശ്യം വേണ്ട വായു ദിനം പ്രതി മലിനമായി കൊണ്ടിരിക്കുന്നു. വാഹനങ്ങൾ, വ്യവസായിക സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും ദൂഷിച്ച വാതകങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ

അന്തരീക്ഷത്തിലേക്ക് തുറന്നുവിടുന്നത്

കൊണ്ടാണ് നമ്മുടെ വായു മലിനമാകുന്നത്. ഈ

സ്ഥിതി തുടർന്നാൽ ശുദ്ധവായു ആവശ്യത്തിനു

ലഭിക്കാതെ ജീവജാലങ്ങൾ ചത്തൊടുങ്ങുന്ന

സ്ഥിതി വരും. വിഷവാതകങ്ങൾ

ശുദ്ധീകരിച്ചതിനു ശേഷമേ പുറത്തേക്കു വിടാൻ

പാടുള്ളൂ എന്നാണ് നിയമം. എന്നാൽ ഈ നിയമം

ഒരു വ്യവസായശാലയും പാലിക്കുന്നില്ല

എന്നുള്ളതാണ് വാസ്തവം. വ്യവസായ

സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലം യാതൊരു

ശ്രദ്ധയുമില്ലാതെ ജലാശയങ്ങളിൽ

ഒഴുക്കുന്നതുകൊണ്ടാണ് പുഴയും മറ്റ്

ജലാശയങ്ങളും മലിനമാകുന്നത്.

അതുപോലെതന്നെ അമിതമായ കീടനാശിനി

പ്രയോഗവും ജല മലിനീകരണത്തിന്

കാരണമാകുന്നു. കുടിവെള്ളം കിട്ടാതെ അലയുന്ന

അനവധി ആളുകൾ നമ്മുടെ നാട്ടിലുള്ളപ്പോൾ

ഉള്ള ജലസ്രോതസ്സുകൾ നിലനിർത്തുകയും ജലാശയങ്ങൾ മലിനമാക്കാതെ സംരക്ഷിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണെന്ന് മനസിലാക്കുക.

നമ്മുടെ ആരോഗ്യവുമായി ബന്ധപ്പെട്ട പല കാര്യങ്ങളും പ്രകൃതിസംരക്ഷണത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. മനുഷ്യൻ പ്രകൃതിയെ അനുദിനം ചൂഷണം ചെയ്തു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് തന്നെ നമ്മുടെ കാലാവസ്ഥ പോലും ആകെ മാറിയിരിക്കുന്നു.

കാലം തെറ്റി പെയ്യുന്ന മഴയും വെള്ളപ്പൊക്കവും എല്ലാം ഇതിനുദാഹരണങ്ങളാണ്.

പ്രിയപ്പെട്ടവരെ, ഓരോ പ്രകൃതി ദുരന്തവും നമ്മെ അനേകം പാഠങ്ങൾ പഠിപ്പിക്കുന്നുണ്ട്. ഈ ഭൂമി നമുക്ക് മനുഷ്യർക്കു മാത്രമല്ല എല്ലാ

ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് എന്ന

പാഠമാണത്.സ്വാർത്ഥ മോഹികളായ

മനുഷ്യൻ്റെ പ്രവർത്തികൾ നിയന്ത്രിച്ചേ

മതിയാകൂ. പരസ്പരം സ്നേഹിച്ചും സഹകരിച്ചും

നമ്മൾ ഈ ഭൂമിയിൽ കഴിയണം. സാധിക്കുന്നത്ര

മരങ്ങൾ വച്ചു പഠിപ്പിക്കണം, ഉള്ളവയെ

സംരക്ഷിക്കുകയും വേണം.

പ്രശസ്ത എഴുത്തുകാരിയും

സാമൂഹ്യപ്രവർത്തകയുമായ ശ്രീമതി

സുഗതകുമാരി ടീച്ചർ പാടിയതുപോലെ

"ഒരു തൈ നടാം

നമുക്കമ്മയ്ക്കു വേണ്ടി

ഒരു തൈ നടാം

ഒരു നൂറുകിളികൾക്കു വേണ്ടി

ഒരു തൈ നടാം

നല്ല നാളേക്ക് വേണ്ടി "

പ്രകൃതി സംരക്ഷണം നമ്മുടെ ഓരോരുത്തരുടെയും കടമയാണ് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

നന്ദി നമസ്കാരം.

Ann Maria Philomina
9 B



## വായനക്കുറിപ്പ് *

അശ്വതി - ടി.പത്മനാഭൻ

മലയാളത്തിലെ ഏറ്റവും പ്രശസ്തനായ ചെറുകഥാകൃത്ത് ശ്രീ ടി. പത്മനാഭൻഎഴുതിയ മികച്ച ഒരു ചെറുകഥയാണ് അശ്വതി. സാധാരണക്കാരന് നിസ്സാരമെന്നു തോന്നുന്നതോ ശ്രദ്ധയിൽ പെടാത്തതോ ആയ ഒരു സന്ദർഭത്തെ ആസ്വാദകരുടെ മനസ്സിൽ പതിയും വിധം കഥ പറയുവാനുള്ള കഥാകൃത്തിൻറെ കഴിവ് അശ്വതിയിൽ നമുക്ക് കാണാം. അശ്വതി എന്ന പെൺകുട്ടിയുടെ രൂപം നമ്മുടെ മനസ്സിൽ മായാതെ നിർത്തുന്നതിൽ കഥാകൃത്ത് വിജയിച്ചിട്ടുണ്ട്..

മനുഷ്യമനസ്സിനെ മാനവികതയുടെ വിശാലതയിലേക്ക് നയിക്കുകയാണ് കഥാകൃത്ത്

ചെയ്യുന്നത്. രചനയുടെ ലാളിത്യവും പത്മനാഭൻ കഥകളുടെ  പ്രത്യേകതയാണ്. ഒരു പലചരക്ക് കടയിലെ ചില നിമിഷങ്ങളിലൂടെയും ദൃശ്യങ്ങളിലൂടെയും നമ്മുടെ മനസ്സിനെ ആർദ്രമാക്കുന്ന കഥയാണ് അശ്വതി. നിഷ്കളങ്കമായായ ഒരു മനസ്സും അവരുടെ വികാരവിചാരങ്ങളും ചേർന്നുണ്ടാകുന്ന ഒരു പ്രപഞ്ചമാണ് കഥയുടെ പ്രമേയം .

അന്യസംസ്ഥാനത്ത് നിന്നും ഇവിടെ വന്നു താമസിക്കുന്ന സാധാരണക്കാരുടെ ഒരു പ്രതീകമാണ് ഈ കഥയിലെ പെൺകുട്ടി മാതാപിതാക്കളോടൊപ്പം പിറന്ന നാട്ടിൽ നിന്നും ഇവിടെയെത്തുന്ന പെൺകുട്ടിയുടെ ജീവിതം ദുരിതപൂർണ്ണമാണെന്നുള്ളത് സത്യമായ കാര്യമാണ്. കഠിനമായ അധ്വാനമാണ് ഇവരിൽ പലർക്കും ചെയ്യേണ്ടിവരുന്നത്. സാമാന്യ വിദ്യാഭ്യാസം നേടാനോ നല്ല രീതിയിൽ

ജീവിക്കാനോ ഇവരിൽ പലർക്കും

കഴിയുന്നില്ല.മാതാപിതാക്കൾ ജോലിക്ക്

പോകുമ്പോൾ ഇവരായിരിക്കും കുടുംബം

നോക്കേണ്ടത്. ഇളയ കുട്ടികൾ ഉണ്ടെങ്കിൽ

അവരെ സംരക്ഷിക്കേണ്ടി വരുന്ന

ഉത്തരവാദിത്വം മുതിർന്ന

കുട്ടികൾക്കായിരിക്കും.നമ്മുടെ നാട്ടിലെ കുട്ടികൾ

അനുഭവിക്കുന്ന സുഖസൗകര്യങ്ങൾ  ഇവർക്ക്

അന്യമാണ് ഇത്തരത്തിലുള്ള ഒരു

സാഹചര്യത്തിൽ വളർന്ന കുട്ടിയാണ് അശ്വതി.

അവളെവിടെ താമസിക്കുന്നു എന്ന് കഥയിൽ

വ്യക്തമാക്കുന്നില്ല, തീപ്പെട്ടിക്കമ്പനിയിലെ ഒരു

തമിഴൻറെ മകളാണെന്ന് പീടികക്കാരൻ

പരിചയപ്പെടുത്തുമ്പോൾ മാത്രമാണ്

വായനക്കാർക്ക് അവളെ കുറിച്ച് അൽപമെങ്കിലും

അറിയുവാൻ കഴിയുന്നത്. മിഠായി വാങ്ങാൻ വന്ന

അവളുടെ നിഷ്കളങ്കമായ വലിയ കണ്ണുകൾ

കഥാകൃത്തിനെ  ആകർഷിക്കുന്നുണ്ട്.കാപട്യം നിറഞ്ഞ ഈ ലോകത്തെക്കുറിച്ച് അവൾക്ക് ഒന്നുമറിയില്ല.

തികച്ചും ദുരിതപൂർണമായ ഒരു പറിച്ചു നടൽ അനുഭവത്തിലൂടെയാണ് അശ്വതി എന്ന  പെൺ കുട്ടി കടന്നു പോകുന്നതെന്ന് വായനക്കാർക്ക് മനസിലാകും."ആ പെൺകുട്ടിക്ക് പറിച്ചുനട്ടതിനുശേഷം വെള്ളം കിട്ടാത്തതിനാൽ വാടിപ്പോയ ഒരു ചെടിയുടെ ദൈന്യം " എന്ന് കഥാകൃത്ത് സൂചിപ്പിച്ചിരിക്കുന്നത് ആ കഥാപാത്രത്തെപ്പറ്റി വ്യക്തമായ ചിത്രം ലഭിക്കുന്നതിന് സഹായിക്കും. പുതിയ സാഹചര്യങ്ങളുമായി  പൊരുത്തപ്പെടാൻ കഴിയാതെ നിൽക്കുന്ന ഒരു കുട്ടിയെ നമുക്കിവിടെ കാണാം.

===============

Anna Aniya 9A

# തൂലികാ നാമങ്ങൾ

1.കാക്കനാടൻ -ജോർജ് വർഗീസ്

2. കോവിലൻ - വി. വി. അയ്യപ്പൻ

3. തിക്കോടിയൻ -പി. കുഞ്ഞനന്തൻ നായർ

4. പ്രേംജി -എം. പി. ഭട്ടതിരിപ്പാട്

5. മാധവിക്കുട്ടി -കമലാദാസ്

6. ബെന്യാമിൻ -ബെന്നി ഡാനിയേൽ

7. ഉറൂബ് -പി. സി. കുട്ടികൃഷ്ണൻ

8. വിലാസിനി -എം. കെ. മേനോൻ

9. ഇടപ്പള്ളി -ഇടപ്പള്ളി രാഘവൻപിള്ള

10. പി -പി. കുഞ്ഞിരാമൻ നായർ

11. കാനം -ഇ. ജെ. ഫിലിപ്പ്

12. മാലി -വി. മാധവൻ നായർ

13. പാറപ്പുറം -കെ. ഇ. മത്തായി

14. ആഷാ മേനോൻ -കെ. ശ്രീകുമാർ

15. മലയാറ്റൂർ -മലയാറ്റൂർ രാമകൃഷ്ണൻ

Antony Jeswin
10 A

# പഴം ചൊല്ലിൽ പതിരില്ല

1.അന്നവിചാരം മുന്ന വിചാരം

2.അഴകുള്ള ചക്കയിൽ ചുളയില്ല

3. അത്താഴം അത്തിപ്പഴത്തോളം

4. അത്താഴം കഴിഞ്ഞാൽ അരക്കാതം നടക്കണം

5. അത്താഴപ്പട്ടിണി കിടക്കരുത്

6. അന്നബലം പ്രാണബലം

7. അന്നം ഔഷധമാണ്

8. അധികമായാൽ അമൃതും വിഷം

9. അരിയെറിഞ്ഞാൽ ആയിരം കാക്ക

10. അകത്തുട്ടിയേ പുറത്തുട്ടാവൂ

11. അച്ഛൻ അരി കുറച്ചാൽ അമ്മ അത്താഴം കുറയ്ക്കും

12. അടുക്കള കാലത്തിന്ന അഴക വേണ്ട

13. അധികം തിളച്ചാൽ കലത്തിനു പുറത്ത്

14. അടച്ചു വച്ച ചട്ടിയേ തുറന്ന് നോക്കാവൂ

15. ആറു മാസം ചെന്ന  ചേന ആറിതിന്നാൻ

പാടില്ല

16. അച്ഛനാകും കാലം വറുത്തതും മുളച്ചു,

മക്കളാകും കാലം വിതച്ചതും മുളച്ചില്ല

17. അത്താഴത്തിനുള്ള അരി കടം കൊടുക്കരുത്


18. അടിയാന് കരിക്കാടി, തമ്പുരാന് അമൃതേത്ത്

19. ആറിയ കഞ്ഞി പഴക്കഞ്ഞി

20. ഉഴുതുണ്ണുന്നവനെ തൊഴുതുണ്ണണം

Kashinathan
10A




# FREEDOM FEST

# 2023








# INDEPENDENCE DAY 2023











**HAPPY ONAM**




# ONAM IN CHERAI







# SCHOOL PARLIAMENT ELECTION 2023








# ശക്തമാക്കാം കുടുംബബന്ധങ്ങൾ......

ശാസ്ത്ര സാങ്കേതിക രംഗം കൈവരിച്ച നേട്ടങ്ങളും തുടർന്നുണ്ടായ വ്യാവസായിക വളർച്ചയുമാണ് കൂട്ടുകുടുംബവ്യവസ്ഥയുടെ തകർച്ചയ്ക്ക് നാന്ദികുറിച്ചത്.ദശകങ്ങളായി ദ്രുതഗതിയിൽ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സാമൂഹികസ്ഥാപനമാണ് കുടുംബം.ഘടനയിലും പ്രവർത്തനശൈലിയിലുമാണ് കൂടുതൽ മാറ്റങ്ങളുണ്ടാകുന്നത്.ഈ മാറ്റങ്ങൾ കുടുംബബന്ധങ്ങളെയും സമൂഹത്തെയും കൂടുതൽ ശാക്തീകരിക്കുകയാണോ ദുർബലപ്പെടുത്തുകയാണോ ചെയ്യുന്നത് എന്ന വിലയിരുത്തുക പ്രയാസമാണ് .സമ്മിശ്രവാദഗതിക്കാണ് മുൻതൂക്കം.സാമ്പ്രദായികമായി നാം തുടർന്നുപോന്നിരുന്നത് ആൺകോയ്മയിൽ അധിഷ്ഠിതമായ ,നിർണായക തീരുമാനങ്ങൾ കൈക്കൊള്ളുന്നതിൽ സ്ത്രീകൾക്ക് പൊതുവേ നാമമാത്രമായ പങ്കുമാത്രമുള്ള

കൂട്ടുകുടുംബവ്യവസ്ഥയുടെ തകർച്ചയ്ക്ക് നാന്ദികുറിച്ചത്.നഗരങ്ങളിലേക്കുള്ള കുടിയേറ്റം കൂടിയതോടെ അണുകുടുംബങ്ങൾ രൂപപ്പെട്ടു.നഗരങ്ങളിലെ തൊഴിൽലഭ്യതക്കുറവും ജീവിതച്ചെലവും സമ്പാധിക്കാനുള്ള ആർത്തിയും ജനങ്ങളെ അന്യസംസ്ഥാനങ്ങളിലേക്കും അന്യരാജ്യങ്ങളിലേക്കും തൊഴിൽ തേടിപ്പോകാൻ പ്രേരിപ്പിച്ചു.ഇന്ന് കുടിയേറ്റം അതിന്റെ ഉച്ചസ്ഥായിയിലാണ്.പാശ്ചാത്യജീവിതശൈലിയോട് ധാരാളം പേർ ആകർഷിക്കപ്പെടുന്നു.മെച്ചപ്പെട്ട സമ്പാദ്യം പ്രധാനലക്ഷ്യമായി മാറി.സ്വന്തം സംസ്ഥാനത്ത് ജോലിയും വേതനവും കിട്ടുന്നില്ല.

മാറ്റങ്ങൾ അനിവാര്യമാണെന്ന് പറയാം.പക്ഷേ,അത് സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബങ്ങളിലാകുമ്പോൾ വിവിധപ്രായത്തിലുള്ള ജനവിഭാഗത്തെ ,പ്രത്യേകിച്ചും വൃദ്ധരായവരുടെയും കുട്ടികളുടെയും ജീവിതനിലവാരത്തെയും

മാനസികാരോഗ്യത്തെയുംകാര്യമായിസ്വാധീനിക്കാറു ണ്ട്.കൂട്ടുകുടുംബത്തിൽ നിന്ന് അണുകുടുംബത്തിലേക്കുള്ള മാറ്റത്തിനിടെ വീട്ടിലെ അധികാരകേന്ദ്രം മുതിർന്നവരാണെന്നതു മാറി ഭർത്താവിനു ആധിപത്യമുള്ള കുടുംബമായി മാറി.സ്ത്രീകൾ വിദ്യഭ്യാസവും വരുമാനവും കൈവരിച്ചതോടെ ലിംഗസമത്വമുള്ള കുടുംബങ്ങളും വളർന്നു വന്നു.പല കുടുംബങ്ങളിലും സ്ത്രീകൾക്കും കുട്ടികൾക്കും കൂടുതൽ സ്വാതന്ത്ര്യം

കിട്ടിത്തുടങ്ങി.കുടുംബവ്യവസ്ഥയിലുണ്ടായ മാറ്റം ഗുണപരമായ നേട്ടങ്ങൾക്ക് വഴിയൊരുക്കി.

ഇന്ന് കുടുംബങ്ങൾ വൈരുധ്യത്തിലൂടെയാണ് മുന്നേറുന്നത്.വലിയവീടുക

ൾ,വാഹനങ്ങൾ,വീട്ടുപകരണങ്ങൾ,

ആഭരണം,ആഘോഷങ്ങൾ,വിലയേറിയ

ടി.വി.,മൊബൈൽ എന്നിവ വ്യക്തികളുടെ സമൂഹത്തിലെ സ്ഥാനമാനങ്ങളെ നിർണയിക്കുന്ന അളവുകോലായി.കുട്ടികൾക്ക് നല്ല ആഹാരവും

വിലപിടിച്ച വസ്തുക്കളും മുന്തിയ വിദ്യഭ്യാസസൗകര്യങ്ങളും നൽകുക എന്നതിനപ്പുറം ജീവിതനൈപുണി വളർത്തുന്നതിനോ സാമൂഹികപരിജ്ഞാനം നൽകാനോ ധാർമികതയെയും മൂല്യങ്ങളെയും കുറിച്ചുള്ള അവബോധം ഉണ്ടാക്കാനോ കുടുംബങ്ങളിൽ പരിശ്രമം നടക്കുന്നില്ല.പ്രായമായ മാതാപിതാക്കൾ ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്നു.മദ്യത്തിന്റെയും ലഹരിപദാർഥങ്ങളുടെയും ലഭ്യത,മാധ്യമങ്ങളുടെ അതിപ്രസരം,24 മണിക്കൂറും ലഭ്യമാകുന്ന ഇന്റർനെറ്റ് എന്നിവ ചെറുപ്പക്കാരെ അമിതമായി സ്വാധീനിക്കുകയും അവരുടെ മാനസികാരോഗ്യത്തെയും പെരുമാറ്റരീതികളെയും മാറ്റിമറിക്കുകയും ചെയ്തു.

ഇന്നത്തെ കുടുംബസംവിധാനത്തിന് ധാരാളം പരിമിതികളുണ്ട്.മാതാപിതാക്കൾക്ക് കുട്ടികളുടെ പരിപാലനത്തിനായി നീക്കിവയ്ക്കാൻ കഴിയുന്ന സമയംകുറഞ്ഞിരിക്കുന്നു.കുടുംബവ്യവസ്ഥിതിയിൽ വന്നമാറ്റം മൂലംതാങ്ങും തണലും എന്നരീതിയിൽ

കുടുംബാംഗങ്ങൾ നിർവഹിച്ചുപോന്നിരുന്ന ചുമതലകളും പരസ്പരം നൽകിയിരുന്ന നിയന്ത്രണവും ഇല്ലാതായി.സമ്മർദ്ദങ്ങളെ അതിജീവിക്കാൻ നല്ല കുടുംബബന്ധം ആവശ്യമാണ്.അത് ഇല്ലാത്തവരിൽ വിഷാദവും ഉത്കണ്ഠയും കൂടുതലാണെന്ന പഠനങ്ങൾ തെളിയിക്കുന്നു.ശിഥിലമായ കുടുംബബന്ധങ്ങളാണ് പലപ്പോഴും കുട്ടികളിൽ സമൂഹവിരുദ്ധമനോഭാവവും പെരുമാറ്റവൈകല്യങ്ങളും ഉണ്ടാക്കുന്നത്.മാതാപിതാക്കൾക്ക് നിയന്ത്രണവും സ്വാധീനവും ഇല്ലാത്ത കുട്ടികളിലാണ് മൊബൈൽ/ നെറ്റ് അഡിക്ഷൻ കൂടുതലുള്ളത്.മൂല്യങ്ങളെയും ധാർമികതയെയും കുറിച്ച് അവബോധമില്ലാത്ത കുടുംബങ്ങളിലാണ് സ്ത്രീധനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തലപൊക്കുന്നത്.ഇത് മറികടക്കണമെങ്കിൽ ജീവിതനൈപുണ്യം,സാമൂഹികപരിജ്ഞാനം,മൂല്യാധിഷ്ഠിത അവബോധം,ലൈഗിക വിദ്യഭ്യാസം എന്നിവയെ അടിസ്ഥാനമാക്കിയുള്ള

മാനസികാരോഗ്യ പദ്ധതികൾ കുടുംബങ്ങൾക്കും വ്യക്തികൾക്കുമായി ആസൂത്രണം ചെയ്ത് നടപ്പാക്കണം.

-GIJJI V G

**(TEACHER)**

# Ernakulam Sub District Girls Football Winners

## HSS Of Jesus, Kothad

Under 14




# CONGRATULATIONS!

# അമ്മ

ആദ്യമായ് നെഞ്ചോട് ചേർത്തതമ്മ..

ചൂടുള്ള പൊന്നുമ്മ തന്നതമ്മ..

കൈ തന്നു പിച്ച നടത്തിയമ്മ..

കാതിൽ ആദ്യ വാക്കോതിയമ്മ...

അമ്മയെന്നു ചൊല്ലാൻ പഠിപ്പിച്ച..,

അമ്മയാണെൻ ആദ്യ ക്ലാസ്സ്‌റി..

അവിടെയാണ് എല്ലാം..,

ആദ്യമായി പഠിച്ചതേ ഞാൻ..

ഇന്നീ അക്ഷര മുറ്റത്തു നിൽക്കുമ്പോൾ..

എന്റെ അമ്മ തന്നെ ഇവിടവും

ചേർത്ത് പിടിക്കുമെന്നെ..

നല്ല വാക്കോതി തരുന്നെനിക്ക്..

അമ്മ തൻ വാത്സല്യം ഏകീടുവാൻ..

അമ്മമാരാം അധ്യാപകർ

ഉണ്ടെനിക്ക് ഇവിടെ..

**Angel Theresa Robins**
**Std 6**

## The ant and the dove

**One hot day, an ant was searching for some water. After walking around for some time, she had to climb up a blade of grass. While making her way up, she slipped and fell  into the water.**
**She could have drowened if a dove up a nearby tree had not seen her. Seeing that the ant was in trouble, the dove quickly plucked off a leaf and dropped it into the water near the sturggling ant. The ant moved towards the leaf and climbed up there. Soon it carried her safely to dry ground.Just at that time, a hunter nearby was throwing out his net towards the dove, hoping to trap it. Guessing what he was about to do, the ant quickly bit him on the heel. Feeling the pain, the hunter dropped his net. The dove was quick to fly away to safety.**

**Moral:-** ONE GOOD TURN DESERVES ANOTHER

**Lidiya Mary**
**STD 9**



# എന്റെ മലയാളം

മലയാളികളായ നാം ഓരോരുത്തരും നമ്മുടെ മാതൃ ഭാഷയിൽ സംസാരിച്ചു തുടങ്ങിയവരാണ്. അമ്മിഞ്ഞപ്പാലിന്റെ മാധുര്യത്തോടൊപ്പം നമുക്ക് പകർന്നു കിട്ടിയതാണ് ഈ മാതൃഭാഷ .

വള്ളത്തോൾ പാടിയത് പോലെ

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ മർത്ത്യന് പെറ്റമ്മ തൻ ഭാഷ താൻ
മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ "

അതെ, മാതൃഭാഷയാണ് നമ്മുടെ ബലവും ജീവനും . സ്വന്തം നാടിനെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും അറിയണമെങ്കിൽ മാതൃഭാഷ പഠിച്ചിരിക്കണം.

മലയാളഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ വരികളും തുള്ളൽ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച കുഞ്ചൻ നമ്പ്യാരെക്കുറിച്ചുമൊക്കെ ചെറിയ ക്ലാസുകളിൽ മുതലേ പാടിപ്പഠിക്കണം

പുറം നാട്ടുകളിൽ പോയി വരുന്നവർ അവരുടെ വിദേശ ഭാഷാ പ്രാവീണ്യം പ്രകടിപ്പിക്കാൻ മലയാളവുമായി ഇടകലർത്തി ഭാഷകൾ സംസാരിക്കുന്നത് കാണാം വികലമായ ഈ രീതി ഭാഷയോട് കാണിക്കുന്ന ക്രൂരതയാണ്


മലയാളം ഒരു സ്വതന്ത്ര ഭാഷയായി വളർന്നിരിക്കുകയാണ് അതുപയോഗിക്കാൻ മറ്റു ഭാഷകളുടെ സഹായം ആവശ്യമില്ല. വളർന്നു വരുന്ന തലമുറ സ്വന്തം മാതൃഭാഷാ സ്നേഹം പരസ്യമായി പ്രകടിപ്പിക്കുവാനും വളർത്തിക്കൊണ്ടു വരുവാനും അത് ഉപയോഗിക്കുവാനും തയ്യാറാകുമെന്ന്  വിശ്വസിക്കാം

കുട്ടികളായ നാം ഓരോരുത്തരും നമ്മുടെ മാതൃഭാഷയോട് തികഞ്ഞ ആദരവ് പുലർത്തുന്നവരായി വളരണം അങ്ങനെയാണ് നമ്മുടെ നാടിനോടും ഭാഷയോടും നാം കൂറുപുലർത്തേണ്ടത്.

**ELIZABETH V G**

**(tEACHER)**

## Shasthrolsavam winners
















# KALOLSAVAM


1st
A grade
AGNA JIFFY
Kathaprasangam
HS SECTION


A
Grade
AQUEENA
Tamil Recitation
UP SECTION



A
Grade
SERA JOB
Kannada Recitati
UP SECTION


A
Grade
2ND
DEVIKA SAJITH
anskrit Recitation
UP SECTION


A
Grade
MARIYA ROYSON
Urdu Recitation
HS SECTION


A
Grade
ANN MARIA JAMES
English Recitation
HS SECTION


A
Grade
ANN MARY
Kathaprasangam
UP SECTION


A
Grade
AGNEL THOMAS
Tamil Recitation
LP SECTION


A
Grade
DENILA JAISON
Mappilappattu
LP SECTION


A
Grade
ROWAN SUNOJ
Malayalam Storytelling
LP SECTION


A
Grade
SEON SEBASTIN
Kannada Recitation
LP SECTION



A
Grade
2ND
JOANNA K S
Sanskrit Gadhya Parayanam
UP SECTION


A
Grade
IDHA TREESA C D
Kadamkatha
LP SECTION




A
Grade
UNNIMAYA
Sanskrit Recitation
HS SECTION




UP Section
Vande Mataram
A grade


Urdu group song
A Grade


L P Section
Group Song
A Grade

THANKS

THANKS

THANKS